ഉത്തരം

(എ) ബോർഡിലെ അംഗങ്ങളുടെ അംഗത്വം പുതുക്കലുമായി ബന്ധപ്പെട്ട് പുതിയ അംഗങ്ങളുടെ രജിസ്ട്രേഷൻ തൽക്കാലത്തേയ്ക്ക് നിറുത്തിവെച്ചിട്ടുണ്ട്.

(ബി) നടത്താറുണ്ട്.

(സി) തിരുവനന്തപുരം ജില്ലാഓഫീസിൽ 2004 ഡിസംബർ 31 വരെ 5048 പേർക്ക് അംഗത്വം കൊടുക്കുകയും 917 പേരുടെ അപേക്ഷ നിരസിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) തിരുവനന്തപുരം ജില്ലാഓഫീസിൽ 2004 ഡിസംബർ 31 വരെ 5048 പേരുടെ രജിസ്ട്രേഷൻ നടത്തിയ വകയിൽ ലഭിച്ച മെമ്പർഷിപ്പ് ഫീസും മൂന്നു മാസത്തെ വരിസംഖ്യയുമടക്കം, 4,29,080 രൂപ ബാങ്കിൽ അടച്ചിട്ടുണ്ട്. ജനുവരിയിൽ 2117 പേരുടെ രജിസ്ട്രേഷൻ തുകയും വരിസംഖ്യയുമടക്കം 1,79,945 രൂപ ബാങ്കിൽ അടച്ചിട്ടുണ്ട്.

(ഇ) അവസാനമായി 3-2-2005-ൽ 320 അംഗങ്ങളുടെ തുകയായ 27,000 രൂപ ബാങ്കിൽ അടച്ചിട്ടുണ്ട്.

കൗമാരപ്രായക്കാരായ തൊഴിലാളികളുടെ വേതനം

45 [3489] *ശ്രീ. വർക്കല കഹാർ:*
„ വി. ജെ. പൗലോസ്:
„ ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൗമാരപ്രായക്കാരായ തൊഴിലാളികൾ പണിയെടുക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർ;

(ബി) വിദ്യാഭ്യാസം നേടേണ്ട കൗമാരപ്രായത്തിലുള്ളവരെക്കൊണ്ട് തൊഴിലെടുപ്പിക്കുന്നത് നിയമാനുസൃതമാണോ;

(സി) ഓരോ വിഭാഗത്തിലേയും തൊഴിലാളികളുടെ കുറഞ്ഞ വേതനം നിശ്ചയിക്കുന്ന സമയത്തോ പുതുക്കുന്ന സമയത്തോ കൗമാരപ്രായക്കാരുടെ വേതന കാര്യവും സൂചിപ്പിക്കാറുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രായപൂർത്തിയായവർക്ക് നൽകുന്ന വേതനത്തിന്റെ എത്ര ശതമാനമാണ് ഇതെന്ന് പറയുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് തോട്ടം മേഖലയിലും വേറെ ചില തൊഴിൽ മേഖലകളിലും കൗമാരപ്രായക്കാരായ തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. ഇവരുടെ യഥാർത്ഥ കണക്ക് ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് നിയമംമൂലം നിരോധിച്ചിട്ടില്ല. 14 വയസ്സിൽ താഴെയുള്ള കുട്ടികളെകൊണ്ട് കഠിന പ്രയത്നമുള്ള തൊഴിലെടുപ്പിക്കുന്നത് മാത്രമേ നിയമംമൂലം നിരോധിച്ചിട്ടുള്ളൂ.

(സി) സൂചിപ്പിക്കാറുണ്ട്. തോട്ടം മേഖലയിലും മറ്റ് ചില തൊഴിൽ മേഖലകളിലും കൗമാരപ്രായക്കാരുടെ വേതന കാര്യം സൂചിപ്പിച്ചിട്ടുണ്ട്.

(ഡി) പ്രായപൂർത്തിയായവർക്ക് നൽകുന്ന വേതനത്തിന്റെ 75 ശതമാനമാണ് കൗമാരപ്രായക്കാർക്ക് നിശ്ചയിക്കാറുള്ളത്.

ഡ്രൈവിംഗ് പരിശീലകർക്ക് സ്പെഷ്യൽ അലവൻസ് ലഭ്യമാക്കാൻ നടപടി

46 [3491] *ശ്രീ. കെ. സുധാകരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ. ടി. ഐ. കളിൽ എം. എം. വി. ട്രേഡിൽ പ്രവേശനം ലഭിച്ചവർക്ക് ഡ്രൈവിംഗ് പരിശീലനത്തിനായി ആരെയാണ് നിയമിച്ചിരിക്കുന്നത്;

(ബി) ഇങ്ങനെ നിയമിച്ചവരുടെ അടിസ്ഥാന യോഗ്യതകൾ എന്തെല്ലാമാണ്;

(സി) ഇവരുടെ ജോലി സ്വഭാവം പി. എസ്. സി. യെ അറിയിക്കണമെന്നുണ്ടോ; ഉണ്ടെങ്കിൽ അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അറിയിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) മേൽപ്പറഞ്ഞ ഡ്രൈവിംഗ് പരിശീലകർക്ക് മറ്റ് വകുപ്പുകളിലെ സമാന തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് ലഭിക്കുന്ന സ്പെഷ്യൽ അലവൻസ് കൊടുക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇത് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പി. എസ്. സി. മുഖാന്തിരം നിയമനം ലഭ്യമായവരും/ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിൽ നിന്നും ഉദ്യോഗകയറ്റം ലഭ്യമായവരുമായ ഡ്രൈവർമാരാണ് സംസ്ഥാനത്തെ ഐ. റ്റി. ഐ. കളിൽ എം. എം. വി. ട്രേഡിൽ പ്രവേശനം ലഭ്യമാകുന്ന പരിശീലനാർത്ഥികൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകിവരുന്നത്.

(ബി) 14-8-2003-ലെ ജി. ഒ. (പി.) നമ്പർ: 23/03/ഉ.പ.ഭ.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പ്രത്യേക നിയമന ചട്ടങ്ങളിൽ ലൈറ്റ് ഡ്യൂട്ടി വെഹിക്കിൾ ഡ്രൈവർ തസ്തികക്കുള്ള അടിസ്ഥാന യോഗ്യതകളാണ് നിശ്ചയിച്ചിരിക്കുന്നത്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly